പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1370.

08.02.2013 ൽ മറുപടിക്ക്

**അനധികൃത മണ്ണെണ്ണ പെർമിറ്റുകൾ റദ്ദാക്കാൻ നടപടി**

**ചോദ്യം**

ശ്രീ. ജി. സുധാകരൻ :

**ഉത്തരം**

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും, സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

(എ) മത്സ്യബന്ധനത്തിന് നല്കുന്ന മണ്ണെണ്ണ പെർമിറ്റുകളുടെ പരിശോധനയിൽ ആലപ്പുഴ ജില്ലയിൽ എത്ര പെർമിറ്റുകൾ റദ്ദാക്കി എന്നും പരിശോധന കഴിഞ്ഞപ്പോൾ ജില്ലയിൽ എത്ര പെർമിറ്റുകൾ നിലനിൽക്കുന്നുണ്ടെന്നും അറിയിക്കാമോ ;

(എ) മത്സ്യബന്ധനത്തിന് നല്കുന്ന മണ്ണെണ്ണ പെർമിറ്റുകളുടെ പരിശോധനയിൽ പെർമിറ്റുകൾ ഒന്നും തന്നെ റദ്ദാക്കിയിട്ടില്ല. എന്നാൽ ആലപ്പുഴ ജില്ലയിൽ നിലവിലുളള 3233 പെർമിറ്റുകളിൽ 483 പെർമിറ്റുകൾ പുതുക്കുന്നതിനായി ശുപാർശ ചെയ്തിട്ടില്ല. 20.11.2012 ലെ 984/2012/മ.തു.വ.നം. സർക്കാർ ഉത്തരവ് പ്രകാരം മത്സ്യമേഖലയ്ക്കുളള മണ്ണെണ്ണ വിതരണ ചുമതല മത്സ്യഫെഡിനെ ഏല്പിച്ചിരിക്കുകയാണ്. ഇതിനുളള ക്രമീകരണങ്ങൾ ആകുന്നതുവരെ നിലവിലുളള രീതിയിൽ നിലവിലുളള അളവിൽ മണ്ണെണ്ണ വിതരണം നടത്തുവാൻ എല്ലാ സപ്ലൈ ഓഫീസർമാർക്കും നിർദ്ദേശം നല്കിയിട്ടുണ്ട്. നിലവിലുളള എല്ലാ പെർമിറ്റുകൾക്കും ഇപ്പോൾ മണ്ണെണ്ണ നല്കുന്നുണ്ട്;

(ബി) മണ്ണെണ്ണ പെർമിറ്റുകൾ അനുവദിക്കുന്നതിനും റദ്ദ് ചെയ്യുന്നതിനുമുളള മാനദണ്ഡങ്ങൾ വിശദമാക്കാമോ ;

(ബി) ഫിഷറീസ് വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുളള വളളം, ഔട്ട്ബോർഡ് എഞ്ചിൻ എന്നിവ മത്സ്യഫെഡ്, ഫിഷറീസ്, സിവിൽ സപ്ലൈസ് വകുപ്പുകളിലെ ഉദ്യോഗസ്ഥർ സംയുക്തമായി പരിശോധിച്ച് ശുപാർശ ചെയ്യുന്നതനുസരിച്ചാണ് മണ്ണെണ്ണ പെർമിറ്റുകൾ അനുവദിക്കുന്നത്. ആയത് പ്രകാരം 10 എച്ച്.പി.വരെ 129 ലിറ്ററും 10 മുതൽ 15 വരെ 136 ലിറ്ററും 15 എച്ച്.പി.ക്ക് മുകളിൽ 180 ലിറ്ററും എന്നീ ക്രമത്തിലാണ് മണ്ണെണ്ണ പെർമിറ്റുകൾ നല്കിയിട്ടുളളത്.

| | | | |
|---|---|---|---|
| (സി) | അനധികൃതമായി കൈവശം വച്ചിരിക്കുന്ന പെർമിറ്റുകൾ റദ്ദാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ ? | (സി) | അനധികൃതമായി കൈവശം വച്ചിരിക്കുന്ന പെർമിറ്റുകൾ റദ്ദു ചെയ്യുന്നതിനു വേണ്ടിയാണ് സംയുക്ത പരിശോധന നടത്തുന്നത്. ഇത് ഇപ്പോൾ 18.11.2012 ൽ നടക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ